ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞത് ശ്രദ്ധയോടെ കേട്ടിരിക്കുമല്ലോ. വിപണിയിൽ പ്രൈവറ്റ് കമ്പനികൾ വെളുപ്പാൻകാലം മൂന്നു മണി മുതൽ പാൽ കൊടുക്കുന്നുവെങ്കിലും അതിനോട് മത്സരിക്കാൻ ഇവർ തയ്യാറാകുന്നില്ലായെന്നുള്ളത് തീർച്ചയായും മിൽമാ മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും കുറെക്കൂടി കോംപിറ്റേറ്റീവ് ആയിട്ടും ആവശ്യമുള്ള സ്ഥലത്തെല്ലാം വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം കൊടുക്കാം.

III സബ്മിഷൻ

(1) ശിവഗിരി അന്വേഷണ കമ്മീഷൻ റിപ്പോർട്ട്

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ശിവഗിരി അന്വേഷണം സംബന്ധിച്ച് ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ട് ഏതാണ്ട് നാല് മാസമായിരിക്കുന്നു. ആഗസ്റ്റ് മാസം 28-ാം തീയതി കമ്മീഷന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചതാണ്. പക്ഷേ ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശുഷ്കാന്തി കാണിക്കുന്നില്ല. ഗവൺമെന്റിൽനിന്നും കാലതാമസമുണ്ടായ സാഹചര്യത്തിൽ സഭ തുടങ്ങുന്നതിന് മുൻപായി പ്രതിപക്ഷത്തുള്ള മെമ്പർമാർ ഇത് സംബന്ധിച്ച് ചോദ്യം ചോദിച്ചപ്പോൾ ഡിസംബർ 13-ാം തീയതി മുഖ്യമന്ത്രി നൽകിയ മറുപടി, ആവശ്യമായ കോപ്പികൾ അച്ചടിക്കുന്നതിന് ഗവൺമെന്റ് പ്രസ്സിൽ ഏർപ്പാട് ചെയ്തിട്ടുണ്ടെന്നാണ്. ഇന്നലെ വീണ്ടും ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ജെ. ജോയിയുടെ ചോദ്യമുണ്ടായിരുന്നു. ആ ചോദ്യത്തിനും മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് ഗവൺമെന്റ് പ്രസ്സിൽനിന്നും കോപ്പികൾ അച്ചടിച്ച് കിട്ടിയാൽ ഉടൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതാണ് എന്നാണ്. ഇത്ര പ്രധാനപ്പെട്ട ഒരു റിപ്പോർട്ടിനെക്കുറിച്ച് ആഴ്ചകൾ, മാസങ്ങൾ കഴിഞ്ഞിട്ടും ആവശ്യമായ കോപ്പികൾ അച്ചടിച്ചു കിട്ടുന്നില്ല എന്നുള്ളത് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപമാണ്. ഇതേ ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ തന്നെ ബ്രഹ്മപുരം സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. ബ്രഹ്മപുരം സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ച ഏപ്രിൽ 11-ാം തീയതി രാത്രി തന്നെ അതിന്റെ സംക്ഷിപ്തം തയ്യാറാക്കി എല്ലാ ചട്ടങ്ങൾക്കും വിരുദ്ധമായി പത്രക്കുറിപ്പിറക്കാൻ തയ്യാറായി. ആ പത്രക്കുറിപ്പിന്റെ കോപ്പിയാണ് ഇത്. ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാരുടെ ബ്രഹ്മപുരം സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ കോപ്പി മുഖ്യമന്ത്രിക്ക് കിട്ടിയ അന്ന് രാത്രി പബ്ലിക് റിലേഷൻസ് വകുപ്പ് പത്രക്കുറിപ്പ് ഇറക്കി ജനങ്ങളെ മുഴുവൻ അറിയിക്കാൻ വ്യഗ്രത കാട്ടി. സാധാരണഗതിയിൽ ഒരു അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടു വന്നാൽ അസംബ്ലിയിൽ സമർപ്പിക്കുകയെന്നുള്ളതാണ് കീഴ്വഴക്കം. ആ കീഴ്വഴക്കമെല്ലാം ലംഘിച്ചുകൊണ്ട് ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാരുടെ ബ്രഹ്മപുരം സംബന്ധിച്ച റിപ്പോർട്ട് കിട്ടിയ അന്ന് വൈകിട്ട് പബ്ലിക് റിലേഷൻസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് പത്രക്കുറിപ്പ് ഇറക്കി ഇവിടെ വാർത്താമാദ്ധ്യമങ്ങൾക്ക് നൽകി. ശിവഗിരി റിപ്പോർട്ട് കിട്ടിയിട്ട് മാസം നാല് കഴിഞ്ഞിട്ടും ഇന്നേവരെ ഗവൺമെന്റ് പ്രസ്സിൽനിന്നും ആവശ്യമുള്ള കോപ്പികൾ അച്ചടിച്ച് കിട്ടിയില്ലയെന്നുള്ള ഒരു ന്യായം പറഞ്ഞുകൊണ്ട് അസംബ്ലിയിൽ സമർപ്പിക്കുന്നതിൽ നിന്നും ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. ഒരേ കമ്മീഷൻ റിപ്പോർട്ടുകളെ സംബന്ധിച്ച് ഈ നിലയിലുള്ള ഒരു ഇരട്ടത്താപ്പ് സമീപനം സ്വീകരിക്കുന്നതിന്റെ ന്യായം മനസ്സിലാകുന്നില്ല. ശിവഗിരി റിപ്പോർട്ട് അസംബ്ലിയിൽ സമർപ്പിക്കുന്നതിന് ഇത്ര മാത്രം താമസം ഉണ്ടാകുന്നതിന്റെ കാരണമെന്തെന്ന് മനസ്സിലാകുന്നില്ല. അസംബ്ലി സമ്മേളനം അവസാനിക്കാൻ പോകുകയാണ്. ഈ അസംബ്ലി സമ്മേളനം അവസാനിക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമേയുള്ളൂ. 29-ാം തീയതി ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിന് മുമ്പായി ശിവഗിരിയിലുണ്ടായ സംഭവം സംബന്ധിച്ചുള്ള ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാരുടെ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നിയമസഭയുടെ മുൻപിൽ സമർപ്പിക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ശിവഗിരി സംഭവങ്ങളെ സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച കുറിപ്പുകളോടെ പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് ഈ സമ്മേളനത്തിൽ തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണ്.

(2) കോളേജുകളിൽ സ്വതന്ത്രമായ വിദ്യാർത്ഥി സംഘടനാപ്രവർത്തനം

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും മുൻപിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു നൂറ്റാണ്ട് പിന്നിടുകയാണ്. നമ്മൾ പുതിയ നൂറ്റാണ്ടിനെ സഹസ്രാബ്ദത്തെ വരവേൽക്കാൻ നില്ക്കുകയാണ്. പോകുന്ന നൂറ്റാണ്ടിൽ പ്രധാനമായും മനുഷ്യരാശികൾക്ക് കിട്ടിയ പ്രധാനപ്പെട്ട നേട്ടം സംഘടിക്കാനും പ്രവർത്തിക്കാനും ചിന്തിക്കാനുമുള്ള സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യം ഈ നൂറ്റാണ്ട് പിന്നിടുമ്പോൾ കേരളത്തിൽ മിക്കവാറുമുള്ള കോളേജുകളിൽ ഇന്നില്ല എന്നുള്ള വളരെ ഗുരുതരമായ അവസ്ഥ ഈ സഭയുടെ മുൻപിൽ ഞാൻ അവതരിപ്പിക്കുന്നു. കോടികൾ മുടക്കി മാനവീയം ആഘോഷിക്കുമ്പോൾ, ഈ നൂറ്റാണ്ടിന് വിടപറയുമ്പോൾ നാം സമരം ചെയ്ത് നേടിയെടുത്ത ജനാധിപത്യ സ്വാതന്ത്ര്യവും സംഘടിക്കുവാനുള്ള സ്വാതന്ത്ര്യവും ചുരുക്കം ചില കോളേജുകളിലെങ്കിലും ഇന്ന് ഈ കേരളത്തിൽ, നമ്മുടെ സംസ്ഥാനത്ത് നഷ്ടമായിരിക്കുന്നുവെന്നുള്ള ഗുരുതരമായ അവസ്ഥയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭരണകക്ഷിയും കാണുമെന്ന് ഞാൻ കരുതുന്നു. തിരുവനന്തപുരത്തും വേറെ ചില കോളേജുകളിലും സംഘടനാപരമായ ദൗർബല്യം ഞങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കുണ്ട്. വളരെ പ്രഭാവത്തോടുകൂടി നിന്നിരിക്കുന്ന ഞങ്ങളുടെ പഴയ സംഘടനകൾക്ക് കെ. എസ്.യു. ഉൾപ്പെടെ, ഇന്ന് അത്ര ശക്തിയില്ലായെന്ന് സമ്മതിച്ചുകൊണ്ടുതന്നെ പറയട്ടെ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly